ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം- വിയ്യൂർ, കണ്ണൂർ സിക്ക എക്സ്റ്റൻഷൻ സെന്ററുകളുടെ ചുമതല യഥാക്രമം വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടുമാർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ദക്ഷിണമേഖല ഡി.ഐ.ജി & സിക്ക ഡയറക്ടറുടെ 29.11.2023 തീയതിയിലെ SICA6-7698/2023/DIGSICA നമ്പർ കത്ത്

**ഉത്തരവ് നമ്പർ. E1-36408/2023/PrHQ; തീയതി : 18-01-2024**

ജയിൽ വകുപ്പിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലുള്ള ജീവനക്കാർക്ക് അടിസ്ഥാനപരിശീലനം നൽകി വരുന്നതും, ദക്ഷിണമേഖല ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻഡ് ഡയറക്ടർ സിക്കയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതുമായ വിയ്യൂർ, കണ്ണൂർ എന്നീ രണ്ട് എക്സ്റ്റെൻഷൻ സെൻററുകളുടെ ചുമതല യഥാക്രമം വിയ്യൂർ ജില്ലാ ജയിൽ സുപ്രണ്ടിനും കണ്ണൂർ ജില്ലാ ജയിൽ സൂപ്രണ്ടിനുമാണ് നൽകിയിരിക്കുന്നത്.

കണ്ണൂർ, വിയ്യൂർ എക്സ്റ്റൻഷൻ സെന്ററുകളിൽ സ്ഥിരം തസ്തികകളില്ലാത്തതിനാൽ, പരിശീലനത്തിന് ട്രെയിനികൾ ഇല്ലാത്ത അവസരങ്ങളിൽ ടി സെന്ററുകൾ പൂട്ടിയിടുകയാണ് ചെയ്യുന്നതെന്നും, ഇപ്രകാരം പൂട്ടികിടക്കുന്ന സമയങ്ങളിൽ ടി സ്ഥാപനങ്ങളിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കും, ഫർണിച്ചറുകൾക്കും കേടുപാടുകൾ സംഭവിക്കുന്നതിനുള്ള സാധ്യത കൂടുതലാണെന്നും കൂടാതെ ജില്ലാ ജയിലുകളിൽ ശിക്ഷാത്തടവുകാർ ഇല്ലാത്തതിനാൽ ടി സ്ഥാപനങ്ങൾ കൃത്യമായി പരിപാലിക്കുന്നതിന് സാധിക്കാതെ വരാറുണ്ടെന്നും, ടി സാഹചര്യത്തിൽ ടി ആവശ്യങ്ങൾ കൃത്യമായി നിർവഹിക്കുന്നതിനായി വിയ്യൂർ, കണ്ണൂർ സിക്കാ എക്സ്റ്റെൻഷൻ സെന്ററുകളുടെ ചുമതല യഥാക്രമം വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിനും കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം പ്രകാരം ദക്ഷിണമേഖല ഡി.ഐ.ജി അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശത്തിലെ അപേക്ഷ പരിഗണിച്ചും വിയ്യൂർ, കണ്ണൂർ സിക്കാ എക്സ്റ്റെൻഷൻ സെന്ററുകളുടെ പരിപാലനം കൃത്യമായി നടത്തുന്നതിലേക്കായി, ടി എക്സ്റ്റൻഷൻ സെന്ററുകളുടെ പരിപാലന ചുമതല, യഥാക്രമം വിയ്യൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ട്, കണ്ണൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ട് എന്നിവർക്ക് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1.ഡി.ഐ.ജി (പ്രിസൺസ്)
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല
2.സൂപ്രണ്ട്
സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം
വിയ്യൂർ/കണ്ണൂർ
3. സൂപ്രണ്ട്
ജില്ലാ ജയിൽ
വിയ്യൂർ/കണ്ണൂർ

പകർപ്പ് : 1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
2. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും
3. വെബ് സൈറ്റ്

E1-36408/2023/PrHQ

4a0daa